**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ് - അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ (എം.എസ്) നം. 50/ 2015/ സാനീവ          തീയതി, തിരുവനന്തപുരം, 24.08.2015**

പരാമർശം : (1) 26.05.2014 ലെ സ.ഉ (എം.എസ്) നം.106/13/ സാനീവ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 24.07.2015 ലെ ഐ.സി.ഡി.എസ്/ബി6-15444/15 നമ്പർ കത്ത്.

18998

**ഉത്തരവ്**

അങ്കണവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ 600/- രൂപ വർദ്ധിപ്പിക്കുന്നതായി സംസ്ഥാന സർക്കാരിന്റെ 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം (സംസ്ഥാന വിഹിതം) 2000/- രൂപയിൽ നിന്നും 2600/- രൂപയായി (രണ്ടായിരത്തി ആറുന്നൂറു രൂപ മാത്രം) വർദ്ധിപ്പിച്ചും, പ്രസ്തുത വർദ്ധനവിന് 01.04.2015 മുതൽ പ്രാബല്യം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എം. ലീലാമണി

അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (22.08.2015 ലെ ഡബ്ല്യു ഡബ്ല്യു 2 /157/2015-ഫിൻ പ്രകാരം )

വെബ്ബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

പകർപ്പ് : പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്.

സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

PDF processed with CutePDF evaluation edition www.CutePDF.com

## സാമൂഹ്യനീതിഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചത് - സംബന്ധിച്ച്.

പരാമർശം :- സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം. 50/2015/സാനീവ തീയതി.24/8/15.

## ഉത്തരവ് നമ്പർ : ICDS.B6-15444/15 തീയതി 17.9.2015.

അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയത്തിലെ സംസ്ഥാന വിഹിതം 600/- രൂപ വർദ്ധിപ്പിക്കുന്നുവെന്ന് സംസ്ഥാന സർക്കാരിന്റെ 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയത്തിലെ സംസ്ഥാന വിഹിതം 600/- രൂപ കൂടി വർദ്ധിപ്പിച്ച് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിതം 2000/- രൂപയിൽ നിന്നും 2600/- രൂപയായി ഉയർത്തിയും, പ്രസ്തുത വർദ്ധനവിന് 1/4/15 മുതൽ മുൻകാല പ്രാബല്യം നൽകിയും ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പാലാക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ മാസത്തെ ഓണറേറിയം മാറി നൽകുമ്പോൾ വർദ്ധിച്ച ഓണറേറിയവും 1/4/2015 മുതലുള്ള അരിയറും മാറി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-55(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
(സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം)

പകർപ്പ് :-
1. എല്ലാ POമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. സൂപ്രണ്ട്, എ സെക്ഷൻ
4. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

S //9/18/2015